# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## പിശാച് ഇല്ലെന്ന് കരുതുന്നവരുടെ ശ്രദ്ധയ്ക്ക്!



ഗ്യാരി, ഇൻഡ്യാന: നരകവും പിശാചുക്കളും ഇല്ലെന്ന് ദൈവശാസ്ത്രജ്ഞരിൽ ചിലർ പോലും വാദിക്കാൻ ശ്രമിക്കുന്ന കാലമാണിത്. ഇൻഡ്യാനയിലെ ഒരു കുടുംബം നേരിട്ട പ്രതിസന്ധികളുടെ നേർവിവരണം കേട്ടാൽ ഈ സംശയം പാടേ അപ്രത്യക്ഷമാകും. പിശാചുബാധയുണ്ടെന്ന് വിവരം ലഭിച്ചതിന് ശേഷം പല ഏജൻസികളും ഈ വീട്ടിലെത്തി പഠനങ്ങൾ നടത്തി. അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ച അന്വേഷണങ്ങൾ. നിരീശ്വരവാദികളെപ്പോലും അമ്പരപ്പിക്കുന്ന സംഭവവികാസങ്ങളാണ് ഈ ഭവനത്തിൽ നടന്നതത്രേ. ഒരു പോലീസ് ഉദ്യോഗസ്ഥൻ പോലും അമ്പരപ്പിക്കുന്ന സംഭവങ്ങളെ നേരിട്ട് വിലയിരുത്തുകയും കാര്യങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

അവസാനം ഒരു കത്തോലിക്കാ വൈദികനെത്തി ഭ്രതോച്ചാടനത്തിലൂടെ പിശാചിനെ ബഹിഷ്കരിക്കുകയായിരുന്നു. സിനിമകളിലും നോവലുകളിലും പുസ്തകങ്ങളിലും മാത്രം കേട്ടിരുന്ന ഇത്തരമൊരു വസ്തുത നഗ്നനേത്രങ്ങൾക്ക് കാണാൻ പല യുക്തിവാദികൾക്കും സാധിക്കുകയും ചെയ്തു. ചെറിയ രീതിയിലൊന്നുമല്ല, ഭീകരമായിരുന്ന പിശാചുബാധ. വസ്തുക്കൾ പറന്നുയരുന്നതും, വലിയ ശബ്ദത്തോടെ കാല്പാദങ്ങൾ പതിയുന്നതും അടയാളമുണ്ടാക്കുന്നതും പലരും കണ്ടു. ആശുപത്രിയിൽ ജോലി ചെയ്യുന്ന ചില വ്യക്തികൾ കുട്ടികൾ പുറകോട്ട് നടന്ന് ഭിത്തിയിൽ കയറുന്നത് കാണുവാനിടയായി. ആശുപത്രിയിൽ എത്തിയപ്പോൾ ഈ കുട്ടികളിലൊരാളെ ഉയരത്തിലേക്ക് എറിയുന്നത് കണ്ടവരുമുണ്ട്.

ഗോസ്റ്റ് അഡ്വെഞ്ചറസ് എന്ന ടി.വി ഷോ നടത്തുന്ന സാക് ബഗാൻസ് 2014 ൽ ഈ വീടുവാങ്ങിയിരുന്നു. ഡോക്യുമെന്ററി റെക്കോർഡ് ചെയ്യുന്നതിനായിരുന്നു ഇത്. 2015 അവസാനത്തോടെ റെക്കോർഡിംഗ് കഴിഞ്ഞു. വീടിന്റെ ഭീകരത ഷോയുടെ റെക്കോർഡിംഗിൽ സഹായിക്കുമെന്ന് കരുതിയാണ് അദ്ദേഹം അതു വാങ്ങിയത്. എന്നാൽ റോക്കോർഡിംഗ് പുരോഗമിച്ചതോടെ കഠിന പിശാചുബാധയുള്ള ഒരു വീടായി അതു മാറുകയായിരുന്നു. മാത്രമല്ല, സാക് ബഗാൻസ് ഗുരുതരമായതും എന്നാൽ ഡോക്ടർമാർക്ക് കണ്ടെത്താനാവാത്തതുമായ ചില രോഗങ്ങൾക്ക് അടിപ്പെടുകയും ചെയ്തു.

മെറിൽവില്ലിലെ സെന്റ് സ്റ്റീഫൻസ് ദേവാലയത്തിലെ ഫാദർ മൈക്കിൾ മാഗിനോട്ട് ഈ വാർത്ത കേട്ടയുടനെ തന്റെ അനുഭവം വിവരിച്ച് രംഗത്തെത്തിയതോടെയാണ് വാർത്ത പടർന്നത്. ആ ഭവനത്തിൽ താമസിച്ചിരുന്ന ഒരു കുടുംബത്തെ ഭൂതോച്ചാടനത്തിന് വിധേയമാക്കിയത് അദ്ദേഹമായിരുന്നു. 2013 ലായിരുന്നു സംഭവം. റെക്കോർഡിംഗ് നടത്തുന്ന സ്ഥലത്ത് ഫാദർ മൈക്കിൾ എത്തുകയും കാര്യങ്ങൾ വിവരിക്കുകയും ചെയ്തു. ഔദ്യോഗികമായ ഭൂതോച്ചാടനമായിരുന്നു ഈ കുടുംബത്തിന്റെ കാര്യത്തിൽ നടന്നതെന്നും അദ്ദേഹം പറയുന്നു. ഈ കുടുംബം ഫാദർ മൈക്കിളിനെ സമീപിക്കുമ്പോൾ താൻ രൂപതയുടെ അംഗീകാരമുള്ള ഒരു ഔദ്യോഗിക ഭൂതോച്ചാടകനല്ലെന്ന് അദ്ദേഹം അവരെ അറിയിച്ചു. പിന്നീട്, ബിഷപ് ഡെയ്ല് മെൽസെക്ക് ഫാദർ മൈക്കിളിന് ഭൂതോച്ചാടനം നടത്തുന്നതിനുള്ള ഔദ്യോഗിക അംഗീകാരം നൽകി. മറ്റൊരു ഭൂതോച്ചാടകന്റെ നിരീക്ഷണത്തിലായിരുന്നു പ്രാർത്ഥനാകർമ്മങ്ങൾ നടത്തപ്പെട്ടത്.

റെക്കോർഡിംഗ് നേരിടുന്ന വെല്ലുവിളികൾ മനസിലായപ്പോൾ ഷോയ്ക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും പ്രാർത്ഥനാ സഹായം നൽകാനും ഫാദർ മൈക്കിൾ തയ്യാറായി. അദ്ദേഹത്തിന്റെ സഹായത്തോടെ റെക്കോർഡിംഗ് തുടർന്നപ്പോഴും അസാധാരണസംഭവങ്ങൾ ഉണ്ടായി. ഫാദർ മൈക്കിളിന്റെ വാക്കുകൾ, 'ഒരു ദിവസം റെക്കോർഡിംഗിനായി എത്തിയപ്പോൾ മേൽക്കൂര തുളച്ച് എന്തോ താഴേക്ക് ചാടുന്നതുപോലെ എല്ലാവരും കണ്ടു. പക്ഷേ, മുറിയിൽ ഒന്നും കണ്ടെത്താനായില്ല. പിന്നീട് മുറിയിലിട്ടിരുന്ന മേശയിൽ വലിയൊരു കൈപ്പത്തി കണ്ടു. മനുഷ്യന്റേതായിരുന്നില്ല അത്. ഇത്തരം കാര്യങ്ങൾക്ക് മറ്റ് വിശദീകരണങ്ങൾ ഉണ്ടാകാം. എന്നാൽ അവ ഞാൻ കണ്ടു എന്നു സാക്ഷ്യപ്പെടുത്തുക മാത്രമാണിവിടെ.'

'ഹോളിവുഡ് സിനിമകൾ പിശാചിനെ വലിയ രീതിയിൽ നാടകീയമായി അവതരിപ്പിക്കാറുണ്ട്. പക്ഷേ, പിശാചിന്റെ കുടിലതയും തിന്മ പരത്താനുള്ള കഴിവും തെറ്റിദ്ധാരണ സൃഷ്ടിക്കാനുള്ള കുർമ്മബുദ്ധിയുമാണ് കൂടുതലായി ശ്രദ്ധിക്കേണ്ടത്. മാത്രമല്ല, ഈ ഷോ പുറത്തിറങ്ങരുതെന്ന് പിശാച് ആഗ്രഹിക്കുന്നതായും മനസിലാക്കാൻ കഴിഞ്ഞു. കാരണം അവന്റെ യഥാർത്ഥ സ്വഭാവം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ പ്രോഗ്രാമിന് കഴിയുന്നുണ്ട്. പിശാചിനെ ലോകം വെറുക്കുന്നതിനും ഇതിലൂടെ ഇടയാക്കുമായിരുന്നു. അതിനാൽ പ്രൊഡക്ഷൻ നടക്കുന്ന സ്ഥലത്തുതന്നെ പല അഭിപ്രായ ഭിന്നതകളും ഉണ്ടാകുകയും ഷോ മുന്നോട്ട് പോകാനാവാത്തവിധം തടയപ്പെടുകയും ചെയ്തിരുന്നു.'

പിശാചിന്റെ ഏറ്റവും വലിയ പ്രവൃത്തി പ്രലോഭനമാണ്. ദൈവം ആരെയും പ്രലോഭിപ്പിച്ചല്ല നന്മയിലേക്ക് നയിക്കുന്നത്. എന്നാൽ തിന്മയിലേക്കുള്ള പ്രലോഭനം പിശാച് നിരന്തരം വ്യക്തികളിൽ നൽകിക്കൊണ്ടിരിക്കും. ഫാദർ മൈക്കിൾ പറയുന്നു. പിശാച് സർവശക്തനല്ല. അവനൊരിക്കലും നമ്മുടെ ജീവനെടുക്കാൻ അവകാശമില്ല. സ്വതന്ത്രമനസ്സിനെ പ്രലോഭിപ്പിക്കാമെന്നല്ലാതെ തടയാനും കഴിയില്ല. അതിനാൽ നന്മചെയ്യാനുള്ള നമ്മുടെ സ്വാതന്ത്ര്യം ഹനിക്കാൻ പിശാചിന് കഴിയില്ല. ഷോയുടെ റെക്കോർഡിംഗിന് ശേഷം വിശുദ്ധജലവും ധൂപവും ലത്തീനിലുള്ള പ്രാർഥനകളും വഴി ഔദ്യോഗിക ഭൂതോച്ചാടനം നടത്തി ഫാദർ മൈക്കിൾ വീട്ടിൽ നീണ്ട ശുശ്രൂഷ നടത്തിയിരുന്നു.

ഫാദർ വിൻസെന്റ് ലാംപെർട്ട് സെന്റ് മലാക്കി ഇടവക വികാരിയും ഇൻഡ്യാനപ്പോളിസിലെ ഔദ്യോഗിക ഭൂതോച്ചാടകനുമാണ്. അദ്ദേഹമാണ് ഫാദർ മൈക്കിളിനെ ശുശ്രൂഷകളിൽ സാഹായിച്ചിരുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ, 'പിശാചുക്കൾ മനുഷ്യർ വസിക്കുന്നതുപോലെ എതെങ്കിലും ഇടങ്ങളിലല്ല വസിക്കുന്നത്. അവർക്ക് വസിക്കാൻ സ്പേസ് വേണമെന്ന ചിന്തപോലും തെറ്റാണ്. അതിനാൽ ഒരു സ്ഥലത്ത് നിന്ന് ബഹിഷ്കരിക്കപ്പെടുമ്പോൾ പുറത്തിറങ്ങി അവർ അലയുന്നു എന്നു ചിന്തിക്കേണ്ടതില്ല. ഏതെങ്കിലും ഒരു പ്രദേശത്ത് പ്രവർത്തിക്കാൻ പിശാചുക്കൾ തീരുമാനിച്ചേക്കാം. പക്ഷേ അവർ സമയത്തിനും സ്ഥലത്തിനും അതീതരാണെന്ന യാഥാർത്ഥ്യം നാം മനസിലാക്കണം. കാരണം അവർ ആത്മാക്കളാണ്.'

ഈ വീടിന്റെ പിശാചുബാധയെക്കുറിച്ച് കേട്ടപ്പോൾ പല മന്ത്രവാദികളും മായാജാലക്കാരും എത്തി പിശാചുക്കളോട് സംവാദം നടത്താൻ ശ്രമിച്ചിരുന്നു. അതിനെക്കുറിച്ച് ഫാദർ ലാംപെർട്ട് പറയുന്നു, 'പിശാചുക്കളോടുള്ള സൗഹൃദം ആർക്കും നല്ലതിനല്ല. അതു കൂടുതൽ ഗുരുതരമായ നാശങ്ങളാണ് ഉണ്ടാക്കുക. ദൈവത്തെ കൂട്ടുപിടിക്കാതെ പിശാചുമായി പോരാടാനുള്ള ശ്രമങ്ങളും ജീവിതത്തെ താറുമാറാക്കും. വിശ്വാസമില്ലാത്തവർ വെറുതെ രസത്തിനായി പിശാചിനെ അടുത്തറിയാൻ ശ്രമിക്കുന്നിടത്തോളം ദോഷകരമായ മറ്റൊരു അവസ്ഥയുമില്ല. ദൈവമില്ലാതെ പിശാചിൽനിന്ന് നമുക്ക് സംരക്ഷണമില്ല. പിശാചിന് പകരം ദൈവം നമ്മുടെ ആകർഷണമാവുക എന്നതാണ് ഇതിൽനിന്നെല്ലാം രക്ഷനേടുന്നതിനുള്ള വഴി.

കടപ്പാട് : us.sundayshalom.com